# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3612 — 20.10.2016-ൽ മറുപടിക്ക്

## ആധാരം സ്വയം എഴുതാമെന്ന ഉത്തരവ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ആധാരം സ്വയം എഴുതാമെന്ന ഉത്തരവ് പിൻവലിക്കുന്നതു സംബന്ധിച്ച് കൂടുതൽ പഠനം നടത്തുന്നതിനായി കമ്മീഷനെ ചുമതലപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;<br>ബി) എങ്കിൽ കമ്മീഷന്റെ ഘടന എങ്ങിനെയായിരിക്കും; വിശദാംശങ്ങൾ നൽകുമോ; | എ) & ബി) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 01.03.2016 ലെ ഐ.റ്റി3/30120-ാം നമ്പർ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ കേരളത്തിൽ വസ്തു വാങ്ങുന്ന ആളിനും വിൽക്കുന്ന ആളിനും ആധാരം തയ്യാറാക്കുന്നതിനുള്ള അധികാരം സിദ്ധിച്ചിരുന്നു. ഇതു സംബന്ധിച്ച് ആധാരമെഴുത്ത് മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ പരാതികൾ ഉയർന്നുവന്ന സാഹചര്യത്തിൽ, നികുതി വകുപ്പ് അഡീഷണൽ സെക്രട്ടറി കൺവീനറും രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ലൈസൻസിംഗ്), ആൾ കേരള ഡോക്യുമെന്റ് റൈറ്റേഴ്സ് & സ്ക്രൈബ് ലൈസൻസ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ശ്രീ.പി.കെ.ഇന്ദുകലാധരൻ, കേരള സ്റ്റേറ്റ് ഡോക്യുമെന്റ് വർക്കേഴ്സ് യൂണിയൻ ജോയിന്റ് കൺവീനർ ശ്രീ.പോത്തൻകോട് ഹരിദാസ് എന്നിവർ അംഗങ്ങളായി ഒരു മാസത്തെ കാലാവധിയിൽ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. |
| സി) ഇക്കാര്യം പുന:പരിശോധിക്കാൻ സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ ഏതൊക്കെ; വിശദാംശങ്ങൾ നൽകുമോ? | സി) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 01.03.2016 ലെ ഐ.റ്റി3/30120-ാം നമ്പർ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ കേരളത്തിൽ വസ്തു വാങ്ങുന്ന ആളിനും വിൽക്കുന്ന ആളിനും ആധാരം തയ്യാറാക്കുന്നതിനുള്ള അധികാരം സിദ്ധിച്ചതുമായി ബന്ധപ്പെട്ട് ആധാരമെഴുത്ത് മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ പരാതികൾ ഉയർന്നുവന്ന സാഹചര്യമാണ് കമ്മീഷനെ നിയമിക്കുന്ന കാര്യം പരിഗണിക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചത്. |

**സെക്ഷൻ ഓഫീസർ**